## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3005 — 20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പാലോട് രവി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം (ഐ.ഡബ്ല്യു.എം.പി) പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ എന്ന് മുതലാണ് ആരംഭിച്ചത്; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; | (ബി) | 913.90 ലക്ഷം രൂപ അടങ്കൽ തുകയായി പദ്ധതി അനുവദിച്ചു. ആദ്യഗഡുവായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള അണ്ടൂർക്കോണം, പോത്തൻകോട് എന്നീ പഞ്ചായത്തുകളിലും മാണിക്കൽ ഗ്രാമപഞ്ചായത്തിലുമായി എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്; ഓരോന്നിന്റെയും ഇനം തിരിച്ച് എസ്റ്റിമേറ്റ് തുക വ്യക്തമാക്കാമോ; | (സി) | മേൽ പഞ്ചായത്തുകളിൽ നിലവിൽ പ്രവൃത്തികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. |
| (ഡി) | ഐ.ഡബ്ല്യു.എം.പി. ആരംഭിച്ച് ആദ്യവർഷം എൻട്രി പോയിന്റ് ആക്ടിവിറ്റി പ്രകാരം എത്ര പ്രവൃത്തികൾ ആരംഭിച്ചു; അവയിൽ എത്രയെണ്ണം പൂർത്തിയായി; ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | ഐ.ഡബ്ല്യു.എം.പി. ആരംഭിച്ച ആദ്യവർഷം എൻട്രി പോയിന്റ് ആക്ടിവിറ്റി പ്രകാരം ഒരു പ്രവൃത്തി ആരംഭിച്ചു. അത് പൂർത്തീകരിച്ചിട്ടുണ്ട്. എൻട്രി പോയിന്റ് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തിയ പല പ്രവൃത്തികളും സ്ഥല പരിശോധന നടത്തിയപ്പോൾ മറ്റു പദ്ധതികളിൽ പെടുത്തി പൂർത്തിയാക്കിയ നിലയിൽ കണ്ടെത്തിയതിനാൽ പ്രവൃത്തി തുടങ്ങാനായിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; | (ഇ) | നീർത്തട കമ്മിറ്റി തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറും ജില്ലാതലത്തിൽ പ്രോജക്ട് ഡയറക്ടറുമാണ് പദ്ധതി |

| | | | |
|---|---|---|---|
| | | | നടത്തിപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ. |
| (എഫ്) | ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ)പ്രകാരം എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്; അടങ്കൽ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എഫ്) | ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. റ്റി.എസ്.ഒ. ആയ രാജീവ് യൂത്ത് ഫൗണ്ടേഷൻ ഡി.പി.ആർ. ജൂണിൽ പൂർത്തിയാക്കി തരാമെന്ന് അറിയിച്ചിട്ടുണ്ട്. ഡി.പി.ആർ. പൂർത്തിയായാൽ മാത്രമേ അടങ്കൽ തുക ഇനം തിരിച്ച് വ്യക്തമാക്കാൻ സാധിക്കുകയുള്ളു. |
| (ജി) | എത്ര പ്രവൃത്തികൾ ആരംഭിച്ചു; എത്ര എണ്ണം പൂർത്തിയായി; | (ജി) | ഐ.ഡബ്ല്യു.എം.പി. ആരംഭിച്ച ആദ്യവർഷം എൻട്രി പോയിന്റ് ആക്ടിവിറ്റി പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിച്ചു. ഡി.പി.ആർ. പൂർത്തിയായാൽ മാത്രമേ ഡി.പി.ആറിൽ ഉൾപ്പെട്ട മറ്റു പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളു. |
| (എച്ച്) | പൂർത്തിയാകാനുള്ളവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എച്ച്) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ